# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4274 3.02.2014-ൽ മറുപടിയ്ക്ക്

**വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതിക്കാർക്ക് ശൗചാലയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്ക് 2011-13 കാലയളവിൽ ശൗചാലയം നിർമ്മിക്കുന്നതിന് എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാ ക്കുമോ; | (എ) | 2012 - 13 വർഷം എറണാകുളം ജില്ലയിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ 213 പേർക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിന് 39,12,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2013 - 14 വർഷം രണ്ടാം ഗഡുവായി പ്രസ്തുത ഗുണഭോക്താക്കൾക്ക് 9,27,500/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് തുക അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | അപേക്ഷിച്ച അർഹതയുള്ള എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | ശൗചാലയം അനുവദിക്കുന്നതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെന്ന് വ്യക്തമാക്കുമോ? | (സി) | വാസയോഗ്യമായ വീടുകളിൽ ടോയ്‌ലറ്റ് സംവിധാനം നിലവിലില്ലാത്തതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം കിട്ടിയിട്ടില്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത് |

Sali K.J

സെക്ഷൻ ആഫീസർ